# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2311 01.04.2013- ൽ മറുപടിയ്ക്ക്

## എസ്.എ.റ്റി. ആശുപത്രി വന്ധ്യതാ ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എസ്.എ.റ്റി. ആശുപത്രി വന്ധ്യതാ ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾ തകരാറാക്കിയിട്ടിരിക്കുന്നത് സ്വകാര്യ ക്ലിനിക്കുകാരെ സഹായിക്കാനാണെന്ന ആരോപണം എങ്ങനെ വിലയിരുത്തുന്നു-വെന്നറിയിക്കുമോ ; | (എ) | എസ്.എ.റ്റി. ആശുപത്രി വന്ധ്യതാ ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾ തകരാറാക്കിയിട്ടിരിക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഒരു കോടി രൂപ അനുവദിച്ചിരുന്നിട്ടും ടെസ്റ്റ്ട്യൂബ് ബേബിയെ സൃഷ്ടിക്കുന്നതി-നാവശ്യമായ ആന്ത്രോളജി ലാബിൽ ആവശ്യത്തിന് ജീവനക്കാരെയോ ചികിത്സാ സജ്ജീകരണങ്ങളോ ഒരുക്കാത്തത് എന്തുകൊണ്ടാണ് ; | (ബി) | ആന്ത്രോളജി ലാബിൽ പ്രവർത്തനത്തി-നാവശ്യമായ സജ്ജീകരണങ്ങളും ഒരു ടെക്നീഷ്യനെയും ലഭ്യമാക്കിയിട്ടുണ്ട് |
| (സി) മുംബെയിലുള്ള ശിവാനി എന്ന കമ്പനിയിൽ നിന്നും രണ്ടുവർഷം മുമ്പ് ആന്ത്രോളജി ലാബ് ക്രമീകരിക്കാനായി വാങ്ങിയ ആധുനിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ നശിച്ചു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | മുംബെയിലുള്ള ശിവാനി എന്ന കമ്പനിയിൽ നിന്നും ആന്ത്രോളജി ലാബ് ക്രമീകരിക്കുന്നതിനായി ഉപകരണങ്ങൾ വാങ്ങിയിട്ടില്ല. എന്നാൽ പ്രസ്തുത കമ്പനിയിൽ നിന്നും എംബ്രിയോളജി ലാബ് ക്രമീകരിക്കുന്നതിനായി വാങ്ങിയ ആധുനിക യന്ത്രങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാണ്. |
| (ഡി) ഗ്യാരണ്ടി പിരീഡ് കഴിയുന്നതിനാൽ പ്രസ്തുത യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ-ക്കുള്ള പണവും ആശുപത്രി സ്വന്തം നിലയിൽ കണ്ടെത്തേണ്ടി വരുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; | (ഡി) | മുംബെയിലുള്ള ശിവാനി എന്ന കമ്പനിയിൽ നിന്നും എംബ്രിയോളജി ലാബ് ക്രമീകരിക്കുന്ന-തിനായി വാങ്ങിയ യന്ത്രത്തിന്റെ ഗ്യാരണ്ടി പിരീഡായി പ്രത്യേക സമയമൊന്നും നിശ്ചയിച്ചിട്ടില്ല. ആദ്യത്തെ 50 കേസുകൾ വരെയാണ് ഗ്യാരണ്ടി പീരീഡായി നിശ്ചയിച്ചിട്ടുള്ളത്. |
| (ഇ) സർക്കാർ അടിയന്തിരമായി ഇടപെട്ട് വന്ധ്യതാ ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾ പൂർണ്ണ സ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | വന്ധ്യതാ ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾ പൂർണ്ണ സ്ഥിതിയിലാണ്. ഇൻവിട്രോ ഫെർട്ടിലൈസേഷൻ ട്രീറ്റ്മെന്റിനായി അപേക്ഷിച്ചിട്ടുള്ളവരിൽ ആദ്യത്തെ ആറു പേർക്ക് മാർച്ച് 30 ന് മുൻപ് ട്രീറ്റ്മെന്റ് ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ